**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1136** **27-07-2021 - ൽ മറുപടിയ്ക്ക്**

**വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ പരീക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2019-20 വർഷത്തെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പരീക്ഷകൾ പൂർണ്ണമായും നടത്താത്തതിനാൽ കുട്ടികൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 202മാർച്ച് മാസം ഏർപ്പെടുത്തിയ ലോക്ക്ഡൗൺ കാരണം ചില പരീക്ഷകൾ സമയബന്ധിതമായി നടത്താൻ സാധിച്ചിട്ടില്ല. |
| (ബി) | ഓൺലൈൻ സംവിധാനങ്ങളുടെ സുഗമമായ ഉപയോഗം സാധ്യമാകുന്ന തരത്തിൽ പരീക്ഷകൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | നിലവിൽ സർവ്വകലാശാല പരീക്ഷകൾ ഓഫ് ലൈൻ മോഡിലാണ് നടത്തി വരുന്നത്. 25.05.2021 തീയതിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ പരീക്ഷകൾ ഓഫ് ലൈനിൽ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. തുടർന്നുള്ള കാലങ്ങളിൽ ഓൺലൈൻ പരീക്ഷകൾ നടത്തേണ്ടുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ ഭാവിയിലെ പരീക്ഷകൾ എപ്രകാരമായിരിക്കണമെന്നും മറ്റും തീരുമാനിക്കുന്നതിനായി ഒരു വിദഗ്ധ കമ്മിറ്റിയെ രൂപീകരിക്കാനും തീരുമാനമായിട്ടുണ്ട്. |
| (സി) | കോവിഡിന് മുൻപേ നടക്കേണ്ട പരീക്ഷകൾ അനാവശ്യമായി നീട്ടിവച്ചത് കാരണം വിദ്യാർത്ഥികൾ നിലവിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പരീക്ഷകൾ അനാവശ്യമായി മാറ്റിവെക്കാറില്ല. കോവിഡിനെ തുടർന്നുണ്ടായ അസാധാരണ സാഹചര്യത്തിൽ മാറ്റിവെക്കപ്പെട്ട പരീക്ഷകളിൽ ഇനി നടത്താനുള്ളവ ഉടൻ തന്നെ നടത്തി ഫലം പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ